# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 678 10/03/2015-ൽ മറുപടിക്ക്

## പട്ടികഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. എ.റ്റി. ജോർജ്ജ് :<br>ശ്രീ. കെ. മുരളീധരൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി പട്ടികവർഗ്ഗ വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 793/2013/പജപവവിവ തിരുവനന്തപുരം തീയതി. 18.06.2013 പ്രകാരം പട്ടികവർഗ്ഗക്കാരായ എല്ലാ ഗർഭിണികൾക്കും അമ്മമാർക്കും പോഷകാഹാരം ലഭ്യമാക്കുന്നതിലേയ്ക്കായി 'ജനനീ ജന്മരക്ഷ' എന്ന പദ്ധതി 2013 ജൂൺമാസം മുതൽ നടപ്പാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) | എ.പി.എൽ/ബി.പി.എൽ. ഭേദമന്യേ കേരളത്തിലെ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച ടി പദ്ധതിയിലൂടെ അവർക്ക് സമ്പൂർണ്ണ പോഷകാഹാരം ഉറപ്പാക്കുകയാണ് വകുപ്പ് ലക്ഷ്യമിടുന്നത്. നവജാത ശിശുമരണം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതോടൊപ്പം മെച്ചപ്പെട്ട ആരോഗ്യസ്ഥിതിയുള്ള ശിശുക്കൾ ഉണ്ടാകുന്നതിനും അവരെ പരിപാലിക്കുന്ന അമ്മമാരുടെ ആരോഗ്യം ഉറപ്പുവരുത്തുകയെന്നതും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നത് എന്ന് വിശദമാക്കുമോ ; | (സി) | ഗർഭാവസ്ഥയുടെ മൂന്നാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയുംവരെ പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി വരുന്നു. മണിയോർഡറായി നൽകിവരുന്ന ധനസഹായമാകയാൽ തുക ഗുണഭോക്താക്കളുടെ |

| | | | |
|---|---|---|---|
| | | | കയ്യിൽ നേരിട്ട് ലഭ്യമാകുന്നു. ഗർഭാവസ്ഥയിലുള്ളവർക്കും മുലയൂട്ടുന്ന അമ്മമാർക്കും മികച്ച രീതിയിലുള്ള പോഷകാഹാരം ലഭ്യമാക്കുക എന്നതിലൂടെ ആരോഗ്യമുള്ള കുഞ്ഞുങ്ങളെ പ്രസവിച്ച് സംരക്ഷിക്കുന്നതിന് സാധ്യമാകുന്നു. ഗുണഭോക്താക്കൾക്ക് ആവശ്യമായ പോഷകാഹാരം അവരുടെ ഇഷ്ടാനുസരണം വാങ്ങി ഭക്ഷിക്കുന്നതിനാണ് ടി തുക ഉപയോഗിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) | 'ജനനി ജന്മരക്ഷ' പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ക്കായി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്/ആശാ വർക്കർ എന്നിവരുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യുന്നു. ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാ നത്തിൽ ഗുണഭോക്താവിന്റെ പേര് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസർമാർ മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത് നൽകുന്നു. ടി പട്ടികയിലുള്ളവർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് മുഖാന്തിരം മണിയോർഡറായി നേരിട്ട് വിതരണം ചെയ്ത് വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഏറെ പ്രയോജനപ്രദവും സ്വാഗതാർഹവുമായ ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായും കുറ്റമറ്റരീതിയിലും നടപ്പിലാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**